


# ടച്ച് മീ

TOUCH ME

ഫെബ്രുവരി 2025


Wedded on
05-01-2025
Vivek
S/o. Adv. Peter V. Akkara & Jessy Peter
Kundukkulangara Akkara House
Ollur P.O., Thrissur
Catherin
D/o. C.V. Joseph & Valsa Joseph
Chowalloor House
Kunnamkulam P.O., Thrissur
Sharing the Happiness : APOLLO KKM



ESTD : 1747

# ടച്ച് മീ

TOUCH ME

## പാരിഷ് ബുള്ളറ്റിൻ


പുസ്തകം : 17 | 2025 ഫെബ്രുവരി | ലക്കം : 6

സെന്റ്. സെബാസ്റ്റ്യൻ കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
(മറ്റം ഫെറോന - തൃശ്ശൂർ അതിരൂപത)
kunnamkulamch@adtcr.org
www.touchmekkm.in


### എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ
**ഫാ. ഡെയ്സൻ മുണ്ടോപുറം**
96566 54567

എഡിറ്റർ
**ജോണി ബെപ്പോ**
93493 79009

സബ് എഡിറ്റേഴ്സ്
**സിസ്റ്റർ അൻസ ജോസ് CMC**
80869 50771
**എം.കെ. ദേവസ്സി**
94953 28758
**ജോൺസൺ പാവു**
94476 54230

സെക്രട്ടറി, ഇടവക PRO
**വി.സി. ജോസി**
98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**എം.എൽ. സുനിൽ**
98464 34411

അംഗങ്ങൾ
ഡോ. പോൾ സി. റാഫേൽ 94467 22050
ജോയ്സി തോംസൺ തച്ചിൽ 81295 34205
ബിന്ദു രാജു 98478 31110
ആനന്ദി സുനിൽ 94958 55053

കൈക്കാരന്മാർ
പേൾജു ബി. ചുങ്കത്ത് 98470 31110
കെ.ജി. ബാബു 99619 99487
സി.എൻ. ഇമ്മാനുവേൽ 95390 30439


### താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| ഇടവക വാർത്തകൾ | 4 |
| ഇടവകയുടെ ആദരം | 6 |
| വിശ്വാസപരിശീലനം | 7 |
| സഭാ വാർത്തകൾ | 9 |
| ജീവന്റെ സമ്പൂർണ്ണത | 11 |
| ഇടവകദിനം വാർഷികം | 12 |
| പിരിയാത്ത സ്നേഹം | 14 |
| പ്രതിനിധിയോഗ വാർത്തകൾ | 16 |
| സംഘടനാ വാർത്തകൾ | 17 |
| ഇടവക ആൽബം | 19 |
| മിഴിവിളക്ക് | 23 |
| ജൂനിയർ സി.എൽ.സി. | 24 |
| വൃക്കയിലെ കല്ലുകൾ | 25 |
| വഴിവിളക്ക് | 28 |
| നിറംകൊടുക്കാമോ | 29 |
| പാചക കോർണർ | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


### വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

ഏറ്റവും ചെറിയ മാസമായ ഫെബ്രുവരിയിലേക്ക് നാം പ്രവേശിക്കുകയാണ്. ലാറ്റിൻ പദമായ "ഫെബ്രുവേറിയസ്" എന്ന വാക്കിൽ നിന്നാണ് ഫെബ്രുവരി എന്ന പേര് വന്നത്. ഫെബ്രുവരി മധ്യത്തിൽ നടന്നിരുന്ന റോമൻ ശുദ്ധീകരണ ഉത്സവമായിരുന്നു ഫെബ്രുവാലിയ. ഈ സമയത്ത് പ്രായശ്ചിത്ത യാഗങ്ങളും ആചാരപരമായ ശുദ്ധീകരണങ്ങളും നടത്തിയിരുന്നുവത്രേ! 2025ലെ ഈ രണ്ടാം മാസത്തിലേക്ക് പ്രവേശിക്കുമ്പോൾ വർഷാരംഭത്തിൽ നാം എടുത്ത പുതിയ തീരുമാനങ്ങളും പുതിയ തുടക്കങ്ങളും ആത്മാർത്ഥമായി മുന്നോട്ടു കൊണ്ടുപോകാൻ നമുക്ക് സാധിക്കുന്നുണ്ടോ എന്ന് ചിന്തിക്കാം. കത്തോലിക്കാ സഭ വലിയ നോമ്പിലേക്ക് പ്രവേശിക്കും മുമ്പുള്ള ഈ മാസം ശുദ്ധീകരണത്തിന്റെ ദിനങ്ങളായി മാറ്റാൻ നമുക്കും പരിശ്രമിക്കാം. വിശുദ്ധീകരണത്തിലേക്കുള്ള നിരന്തരമായ പരിശ്രമങ്ങൾ ക്രൈസ്തവ ജീവിതത്തെ കൂടുതൽ പുതുമയുള്ളതാക്കി തീർക്കുന്നു. കഷ്ടതയും സഹനങ്ങളും അനുഭവിക്കുന്നവരെ ചേർത്തു നിർത്തുക എന്നതും ക്രൈസ്തവന്റെ കടമയാണ്. ഫെബ്രുവരി എട്ടിന്, ആഗോള കത്തോലിക്കാ സഭ വി. ജോസഫൈൻ ബക്കീത്തയുടെ തിരുനാൾ ആഘോഷിക്കുകയാണ്. ചെറുപ്പത്തിൽ സുഡാനിൽനിന്നും തട്ടിക്കൊണ്ടുപോകപ്പെട്ട് അടിമയായി വിൽക്കപ്പെട്ട്, പിന്നീട് കനോസിയൻ സന്യാസിയായിത്തീർന്ന് ക്രിസ്തുവിനുവേണ്ടി ജീവിച്ച വ്യക്തിയാണ് വി. ജോസഫൈൻ, 'മനുഷ്യക്കടത്തിന് ഇരകളായവരുടെ മധ്യസ്ഥ' എന്ന പേരിലാണ് വി. ജോസഫൈൻ ബക്കീത്ത അറിയപ്പെടുന്നത്. വളരെ ലളിതവും എളിമയുള്ളതുമായ ജീവിതമാണ് ബക്കീത്ത നയിച്ചിരുന്നത്. അവളുടെ ഏറ്റവും വലിയ സമ്മാനങ്ങളിലൊന്ന് അവളുടെ പുഞ്ചിരിയായിരുന്നു. കഷ്ടപ്പാടുകൾ അനുഭവിക്കുമ്പോഴും ജോസഫൈൻ തന്റെ പുഞ്ചിരി സമ്മാനം മറ്റുള്ളവർക്ക് പങ്കിട്ടുകൊടുത്തു. ജോസഫൈൻ തന്റെ ജീവിതത്തിലെ ഓരോ ഘട്ടവും അവൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ പ്രത്യേക പദ്ധതിയുടെ ഭാഗമായി കണക്കാക്കുകയും ഓരോന്നും അവൾ മനസ്സോടെ സ്വീകരിക്കുകയും ചെയ്തു. ഒരിക്കൽ ഒരു യുവ വിദ്യാർത്ഥി ജോസഫൈൻ ബക്കീത്തയോട് ചോദിച്ചു ; "നിങ്ങളെ ബന്ദികളാക്കിയവരെ കണ്ടുമുട്ടിയാൽ നിങ്ങൾ എന്ത് ചെയ്യും?" ഒരു മടിയും കൂടാതെ അവൾ പ്രതികരിച്ചു; "എന്നെ തട്ടിക്കൊണ്ടുപോയവരേയും എന്നെ പീഢിപ്പിച്ചവരെപോലും ഞാൻ കണ്ടുമുട്ടിയാൽ, ഞാൻ മുട്ടുകുത്തി അവരുടെ കൈകളിൽ ചുംബിക്കും. എന്തെന്നാൽ, ഈ കാര്യങ്ങൾ സംഭവിച്ചില്ലെങ്കിൽ, ഞാൻ ഇന്ന് ഒരു ക്രിസ്ത്യാനിയും മതവിശ്വാസിയും ആകുമായിരുന്നില്ല". അതെ കഷ്ടപ്പാടുകളും സഹനങ്ങളും വിശുദ്ധീകരണത്തിലേക്കുള്ള വഴിയായി കണ്ടുകൊണ്ട് ദൈവസ്നേഹത്തിൽ മുന്നേറാൻ നമുക്ക് സാധിക്കുമ്പോഴാണ് നമ്മുടെ ജീവിതങ്ങൾ അർത്ഥവത്തായി മാറുന്നത്. അതിനായി ആത്മാർത്ഥമായി പരിശ്രമിക്കാൻ നമുക്ക് സാധിക്കട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

## ദൈവ വചനം

ദൈവവചനം ദൈവത്തിന്റെ സാന്നിദ്ധ്യമാണ് - ദൈവസ്നേഹത്തിന്റെ പ്രവാഹമാണ് - ദൈവത്തിന്റെ ശക്തിയാണ് - ജീവനാണ്. ദൈവത്തിന്റെ സ്നേഹം നമ്മോട് സംവദിക്കുന്നതാണ് ദൈവവചനം.

ഈ കാലഘട്ടത്തിൽ പ്രത്യേകിച്ച് നോമ്പുകാലഘട്ട ത്തിൽ അങ്ങയോടൊത്തായിരിക്കാൻ തക്കവിധം വചന ത്തിൽ ആയിരിക്കാനും വചനത്തിന്റെ ഉപാസകരായി ഞങ്ങ ളുടെ അധരത്തെ വചനം സൂക്ഷിക്കുന്ന സക്രാരിയാക്കി മാറ്റി വചനം പ്രഘോഷിക്കാനും ജീവിക്കാനും ഞങ്ങളെ അനുഗ്രഹിക്കണമെയെന്ന് നിരന്തരം പ്രാർത്ഥിക്കാം - നോമ്പുകാലഘട്ടം നമ്മെ വചനത്താൽ ശുദ്ധീകരിക്കാനും സുഖപ്പെടുത്താനും ശക്തിപ്പെടുത്താനുമുള്ള കാലമാക്കി തീർക്കാം.

സാധിക്കുമെങ്കിൽ വായിക്കുക.

| | | |
|---|---|---|
| 1) യോഹ 14:23 | 2) ഹെബ്ര 4:12 | 3) ഫിലി 2:12 |
| 4) നിയമ. 17:19 | 5) നിയമാ 4:20 | 6) സങ്കീ. 119:72 |
| 7) സുഭാ. 5:7 | 8) ജെറെ. 5:14 | 9) മത്താ 7:24 |
| 10) യോഹ. 1:11 | 11) ഏശ. 55:10 | 12) നെഹ. 9:3 |

ദൈവവചന ഉപാസകരാകുവാൻ സർവ്വേശ്വരൻ ഏവർക്കും അനുഗ്രഹങ്ങൾ ചൊരിയട്ടെ എന്ന പ്രാർത്ഥന യോടെ...

യേശുവിൽ സ്നേഹപൂർവ്വം
വികാരിയച്ചൻ
ഫാ. ഡെയ്സൻ മുണ്ടോപുറം

# ഇടവക വാർത്തകൾ

**ഫെബ്രുവരി 1 ശനി : കപ്പേളയിൽ ലദ്dീഞ്ഞ്, നൊവേന**

6.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

**ഫെബ്രുവരി 4 ചൊവ്വ : കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന**

6.30 pm : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് & നൊവേന

**ഫെബ്രുവരി 7 വെള്ളി : മാസാദ്യ വെള്ളി & നാലാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത & തിരുഹൃദയ പ്രതിഷ്ഠ

6.30 am : വി. കുർബ്ബാന, ലദ്ദീഞ്ഞ്, നൊവേന & നേർച്ച വിതരണം

**ഫെബ്രുവരി 9 ഞായർ : തിരുബാലസഖ്യദിനം & വിശ്വാസപരിശീലന വാർഷിക പരീക്ഷ & തണൽമരം 2025**

9.00 am : തിരുബാലസഖ്യദിന പതാകവന്ദനം & അംഗത്വ നവീകരണം (നേതൃത്വം : തിരുബാലസഖ്യം)

9.15 am : കാഴ്ചസമർപ്പണം, തിരുബാലസഖ്യദിന കൃതജ്ഞതബലി, ആദരം & നേർച്ചവിതരണം (നേതൃത്വം : തിരുബാലസഖ്യം)

10.30 am : തിരുബാലസഖ്യദിന പൊതുസമ്മേളനം, കുടുംബസംമഗം, ആദരണീയം, സമ്മാനദാനം, കലാവിരുന്ന് & സ്നേഹവിരുന്ന് (നേതൃത്വം : തിരുബാലസഖ്യം)

2.00 pm : വിശ്വാസപരിശീലന വാർഷിക പരീക്ഷ Std: X, XI, XII, ACC

5.00 pm : തണൽമരം 2K25 (നേതൃത്വം : യൂത്ത് സി.എൽ.സി.)

**ഫെബ്രുവരി 11 ചൊവ്വ : ലൂർദ്ദ് മാതാവിന്റെ തിരുനാളും രോഗീദിനവും**

6.30 am : തിരുനാൾ കുർബാന, ലദ്ദീഞ്ഞ്, നൊവേന, ലൂർദ്ദ് മാതാവിന്റെ വെള്ളം വിതരണം (നേതൃത്വം : ജൂനിയർ സി.എൽ.സി.)

5.30 pm : കിടപ്പുരോഗികളുടെ ഭവന സന്ദർശനം & പ്രാർത്ഥന (നേതൃത്വം : ജൂനിയർ സി.എൽ.സി.)

**ഫെബ്രുവരി 14 വെള്ളി : അഞ്ചാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം

**ഫെബ്രുവരി 16 ഞായർ : വിശ്വാസപരിശീലന വാർഷിക പരീക്ഷ**

2.00 pm : വിശ്വാസ പരിശീലന വാർഷിക പരീക്ഷ Std: I, III, V, VII, IX

**ഫെബ്രുവരി 21 വെള്ളി : ആറാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം

**ഫെബ്രുവരി 23 ഞായർ : വിശ്വാസപരിശീലന വാർഷിക പരീക്ഷ & വിദ്യാർത്ഥികൾക്കുള്ള പ്രാർത്ഥനാ യജ്ഞം**

2.00 pm : വിശ്വാസ പരിശീലന വാർഷിക പരീക്ഷ Std: II, IV, VI, VIII
4.30 pm : വിദ്യാർത്ഥികൾക്കുള്ള പ്രാർത്ഥനാ യജ്ഞം
(നേതൃത്വം : അൾത്താരസംഘം)

**ഫെബ്രുവരി 28 വെള്ളി : ഏഴാം വെള്ളിയാചരണം**

6.00 am : ആരാധന, കുമ്പസാരം, കരുണകൊന്ത
6.30 am : വി. കുർബാന, ലദീഞ്ഞ്, നൊവേന & നേർച്ച വിതരണം

**ജനുവരി മാസത്തിലെ ഞായറാഴ്ചകളിൽ ഒന്നാമത്തെ വി. കുർബാന ബൈബിൾ വായനകൾക്കും കാറോസൂസ ശുശ്രൂഷയ്ക്കും നേതൃത്വം നൽകേണ്ട കുടുംബകൂട്ടായ്മകൾ**

| തിയ്യതി | കുടുംബകൂട്ടായ്മ |
|---|---|
| ഫെബ്രുവരി 02 ഞായർ | സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 09 ഞായർ | സെന്റ് സേവ്യർ കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 16 ഞായർ | സെന്റ് ജോസഫ് കുടുംബകൂട്ടായ്മ |
| ഫെബ്രുവരി 23 ഞായർ | മേരിമാതാ കുടുംബകൂട്ടായ്മ |

**2024 ചെറിയ നോമ്പ് (25 നോമ്പിലെ) പരിത്യാഗ സമർപ്പണം)**

| കുടുംബകൂട്ടായ്മ | പരിത്യാഗം |
|---|---|
| സെന്റ് ജോസഫ് കുടുംബകൂട്ടായ്മ | 4100 |
| മേരി മാതാ കുടുംബകൂട്ടായ്മ | 7830 |
| സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ | 5850 |
| സെന്റ് തോമസ് കുടുംബകൂട്ടായ്മ | 3500 |
| സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ | 3100 |
| സെന്റ് സേവ്യർ കുടുംബകൂട്ടായ്മ | 1820 |

# ഇടവകയുടെ ആദരം


**തൃശൂർ അതിരൂപതാ പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ
തുടർച്ചയായി മൂന്നാം തവണയും അതിരൂപതയിലെ
ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റിനുള്ള 3-ാം സ്ഥാനം നേടിയ
ടച്ച്-മീ പാരിഷ് ബുള്ളറ്റിന്റെ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെ
ഇടവക ദിനത്തിൽ തൃശൂർ അതിരൂപത സഹായ മെത്രാൻ
അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ആദരിച്ചപ്പോൾ**














**പി.എ. ലില്ലി**
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ

എല്ലാവർക്കും സുഖമല്ലേ? തിരുനാളും ഇടവകദിനവുമെല്ലാം വളരെ ഭംഗിയായി ആഘോഷിച്ചില്ലേ! ഏവരുടേയും പൂർണ്ണമായ സഹകരണം ഉണ്ടായിരുന്നു. അതുകൊണ്ടാണ് ഇത്രയും ഭംഗിയായി ആഘോഷിക്കാൻ നമുക്ക് സാധിച്ചത്. പ്രദക്ഷിണത്തിൽ ഏറ്റവും ഭംഗിയായി പങ്കെടുത്തതിന് എല്ലാ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കും പ്രത്യേക അഭിനന്ദനങ്ങൾ.

ആഘോഷങ്ങളുടെ കാലത്തിൽ നിന്ന് നമ്മൾ അനുതാപത്തിന്റേയും ത്യാഗത്തിന്റേയും ദിനങ്ങളിലേക്ക് പ്രവേശിക്കുകയാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഈസ്റ്ററിന് ഒരുക്കമായുള്ള വലിയ നോമ്പ് ആരംഭിക്കുകയാണ്. അറിഞ്ഞും അറിയാതെയും ചെയ്തുപോയ പാപങ്ങൾ ഏറ്റുപറഞ്ഞ് നമ്മെ നവീകരിക്കാനുള്ള വലിയ അനുതാപത്തിന്റെ വേളയാണിത്.

പ്രാർത്ഥനയോടെയും പശ്ചാത്താപത്തോടെയും പ്രിയപ്പെട്ട പലതിന്റേയും ത്യാഗത്തിന്റേയും ഈ നോമ്പുകാലം അനുഗ്രഹത്തിന്റെ വേളയാക്കാൻ ദൈവം സഹായിക്കട്ടെ.

അതോടൊപ്പം നമ്മുടെ വാർഷിക പരീക്ഷകളും ഈ മാസമാണ് എന്ന് ഓർമ്മിപ്പിക്കട്ടെ. പാഠഭാഗങ്ങളെല്ലാം പഠിച്ചുകഴിഞ്ഞിട്ടുണ്ടാകുമെന്നു കരുതുന്നു. പഠിച്ചതെല്ലാം ഒന്നുകൂടി ഓർമ്മിക്കുക. ഒപ്പം പ്രാർത്ഥനകളും പഠിക്കുക. നന്നായി പരീക്ഷയെഴുതി എല്ലാവരും വിജയിക്കട്ടെ എന്ന് ആശംസിച്ചുകൊണ്ട്

സ്നേഹത്തോടെ
ലില്ലി ടീച്ചർ

### വിശ്വാസ പരിശീലന വാർഷിക പരീക്ഷ - സമയക്രമം

| | | |
|---|---|---|
| 2025 ഫെബ്രുവരി 09 | 2 pm - 4 pm | Std : X, XI, XII |
| | 2 pm - 5 pm | A C C |
| 2025 ഫെബ്രുവരി 16 | 2 pm - 4 pm | Std: I, III, V, VII, IX |
| 2025 ഫെബ്രുവരി 23 | 2 pm - 4 pm | Std: II, IV, VI, VIII |





# വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷ വിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ.

എന്റെ എല്ലാ ആവശ്യങ്ങലിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്ന് ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

*(ഈ പ്രാർത്ഥന ഒൻപത് ദിവസം ഓൻപത് പ്രാവശ്യം അടുപ്പിച്ച് ചൊല്ലുക. ഫലം കാണാതിരിക്കില്ല)*

*-ഒരു വിശ്വാസി-*


Baptism ceremony
Gabriella Mystica Alwin
D/o. Alwin Siby & Ann Mariya
Vadakkekuttu House
Kozhuvanal - Pala



തൃശൂർ അതിരൂപതയിലെ ബെസ്റ്റ് മോഡൽ യൂണിറ്റായി തെരഞ്ഞെടുത്ത
നമ്മുടെ ഇടവകയിലെ തിരുബാലസഖ്യം യൂണിറ്റ് അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ



തൃശൂർ അതിരൂപതയിലെ മോഡൽ യൂണിറ്റായി തെരഞ്ഞെടുത്ത
നമ്മുടെ ഇടവകയിലെ ജൂനിയർ സി.എൽ.സി. അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ



തൃശൂർ അതിരൂപതയിലെ മോഡൽ യൂണിറ്റായി തെരഞ്ഞെടുത്ത
നമ്മുടെ ഇടവകയിലെ അൾത്താരസംഘം അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ



# സഭാ വാർത്തകൾ

**ദൈവത്തെയും ഭരണഘടനയെയും മറക്കില്ലെന്ന് പ്രഖ്യാപിച്ച് ട്രംപ്; 'അമേരിക്കയെ മഹത്തരമാക്കാൻ ദൈവം എന്നെ രക്ഷിച്ചു'**

വാഷിംഗ്ടൺ, ഡി.സി: ദൈവമാണ് രണ്ട് കൊലപാതകശ്രമങ്ങളിൽ നിന്ന് തന്നെ രക്ഷിച്ചത് ഏറ്റുപറഞ്ഞ് യുഎസിന്റെ 47 -ാമത് പ്രസിഡന്റായി സ്ഥാനമേറ്റെടുത്ത ഡൊണാൾഡ് ട്രംപിന്റെ കന്നി പ്രസംഗം. തന്റെ പ്രസംഗത്തിനിടെ നിരവധി തവണ ദൈവത്തെ പരാമർശിച്ച ട്രംപ് വർണവിവേചനമില്ലാത്തതും മെറിറ്റ് അടിസ്ഥാനമാക്കിയുള്ളതുമായ സമൂഹത്തിനായി ഗവൺമെന്റ് യത്നിക്കുമെന്ന് പ്രഖ്യാപിച്ചു. സ്ത്രീയും പുരുഷനും എന്ന രണ്ട് ലിംഗങ്ങൾ മാത്രമേ ഉള്ളൂ എന്നത് യുഎസ് ഗവൺമെന്റിന്റെ ഔദ്യോഗിക നയമായിരിക്കും എന്ന പ്രഖ്യാപനം നിറഞ്ഞ കരഘോഷത്തോടെയാണ് സദസ് സ്വീകരിച്ചത്. "നമ്മൾ നമ്മുടെ രാജ്യത്തെ മറക്കില്ല, നമ്മുടെ ഭരണഘടന മറക്കില്ല, നമ്മുടെ ദൈവത്തെ മറക്കില്ല," ട്രംപ് തന്റെ പ്രസംഗത്തിൽ പ്രഖ്യാപിച്ചു.

**സഭൈക്യത്തിന്റെ വേദിയായി ആകാശ് ബഷീറിന്റെ മൃതകുടീരം**

ലാഹോർ/പാക്കിസ്ഥാൻ: ലോകമെമ്പാടും ക്രൈസ്തവ ഐക്യത്തിനായുള്ള വാരാചരണം നടത്തിയപ്പോൾ പാകിസ്ഥാനിലെ വിവിധ സഭകളിൽപ്പെട്ട ഒരു കൂട്ടം ക്രൈസ്തവർ എക്യുമെനിക്കൽ തീർത്ഥാടനത്തിനായി ആകാശ് ബഷീറിന്റെ മൃതകുടീരമാണ് തിരഞ്ഞെടുത്തത്. ദൈവദാസനായി സഭ ഔദ്യോഗികമായി അംഗീകരിച്ച ഈ 'രക്തസാക്ഷി'യുടെ മൃതകുടീരത്തിലേക്കുള്ള ആ തീർത്ഥയാത്രക്ക് ഫ്രാൻസിസ്ക്കൻ വൈദികനായ ഫാ. ലാസർ അസ്ലം ഒ.എഫ്.എം.കാപ്പും പ്രൊട്ടസ്റ്റന്റ് പാസ്റ്റർ സാമുവൽ ഖോഖറും നേതൃത്വം നൽകി. രക്ഷാപ്രവർത്തനങ്ങൾക്കും പരിക്കേറ്റവരെയും മരിച്ചവരെയും ജനറൽ ആശുപത്രിയിലേക്കും പിന്നീട് ലാഹോറിലെ ജിന്ന ആശുപത്രിയിലേക്കും കൊണ്ടുപോകുന്നതിനും പാസ്റ്റർ ഖോഖർ മുൻപന്തിയിലുണ്ടായിരുന്നു.

**മണിപ്പൂരിനെദൈവം മറന്നിട്ടില്ല: ഇംഫാൽ ആർച്ചുബിഷപ്**

ഇംഫാൽ: ദൈവം എല്ലാം ശരിയാക്കുമെന്നും മണിപ്പൂരിനെ ദൈവം മറന്നിട്ടില്ലെന്നും ഇംഫാൽ ആർച്ചുബിഷപ് മോൺ. ലിനസ്

നെലി. തന്റെ രൂപതയിലെ വിശ്വാസികൾക്ക് നൽകിയ ക്രിസ്മസ് സന്ദേശത്തിലായിരുന്നു അദ്ദേഹം ഇങ്ങനെപറഞ്ഞത്. നാം ചുറ്റും നോക്കുമ്പോൾ യുദ്ധവും സഹനവും കലാപവും വിഭാഗീയതയും കാണുന്നു. അത് ലോകം മുഴുവനിലുമുണ്ട്. നമുക്ക് സമാധാനത്തിന്റെയും പ്രതീക്ഷയുടെയും സ്നേഹത്തിന്റെയും വാഹകരാകാമെന്നും അദ്ദേഹം സൂചിപ്പിച്ചു. വിവിധ സമൂഹങ്ങൾക്കിടിയിൽ മൈത്രിയും സഹിഷ്ണുതയും വളർത്തുന്നതിനുവേണ്ടി സ്ഥാപിതമായ കേവ എന്ന സംഘടനയായിരുന്നു പരിപാടി സംഘടിപ്പിച്ചത്.

**100 ദിനങ്ങൾ പിന്നിട്ട് മുനമ്പം സമരം**

മുനമ്പം: റവന്യൂ അവകാശങ്ങൾ പുനഃസ്ഥാപിച്ചുകിട്ടാൻ മുനമ്പം ജനത നടത്തുന്ന റിലേ നിരാഹാര സമരം 100 ദിവസം പൂർത്തിയാക്കി. വേളാങ്കണ്ണി മാതാ ദൈവാലയ വികാരി ഫാ. ആന്റണി സേവ്യർ തറയിൽ ഉദ്ഘാടനം ചെയ്തതോടെയാണ് പ്രത്യക്ഷസമരത്തിന് തുടക്കമായത്. 100 ദിവസം പിന്നിടുമ്പോൾ ദേശീയതലത്തിൽത്തന്നെ സമരം ശ്രദ്ധിക്കപ്പെട്ടു കഴിഞ്ഞു. വിവിധ രാഷ്ട്രീയ, സാമൂഹിക, സാമുദായിക സംഘടനകൾ അനുഭാവം പ്രകടിപ്പിച്ച് ഓരോ ദിവസവും സമരപ്പന്തലിൽ എത്തിക്കൊണ്ടിരിക്കുകയാണ്. മുനമ്പം സമരത്തിന്റെ 100-ാം ദിനത്തിൽ വിവിധ ക്രൈസ്തവ സംഘടനകളുടെ കൂട്ടായ്മയായ ആക്ട്സിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച രാപകൽ സമരം മുൻ എംഎൽഎ പി.വി അൻവർ ഉദ്ഘാടനം ചെയ്തു.

## ഇടവകയിലേയ്ക്ക് സ്വാഗതം

താമരശ്ശേരി രൂപത, തേഞ്ഞിപ്പാലം സെന്റ് മേരീസ് ഇടവകയിൽ നിന്നും,
നമ്മുടെ ഇടവകയിൽ ചേർന്ന് സെന്റ് ആന്റണീസ് കുടുംബ കൂട്ടായ്മയിൽ അംഗമായ

**കരിപ്പേലി എൽസി ജോണിക്കും കുടുംബത്തിനും**

**ഇടവകയിലേക്ക് സ്വാഗതം**

വടക്കാഞ്ചേരി സെന്റ് ഫ്രാൻസീസ് ഇടവകയിൽ നിന്നും,
നമ്മുടെ ഇടവകയിൽ ചേർന്ന് സെന്റ് ആന്റണീസ് കുടുംബ കൂട്ടായ്മയിൽ അംഗമായ

**കുരിയപ്പശ്ശേരി ജോൺസൺ ജോഹാനും കുടുംബത്തിനും**

**ഇടവകയിലേക്ക് സ്വാഗതം**

പറപ്പൂർ സെന്റ് ജോൺസ് നെപുംസ്വാൻ ഇടവകയിൽ നിന്നും,
നമ്മുടെ ഇടവകയിൽ ചേർന്ന് മേരിമാതാ കുടുംബ കൂട്ടായ്മയിൽ അംഗമായ

**പാണേങ്ങാട് വർഗ്ഗീസ് ഷാജുവിനും കുടുംബത്തിനും**

**ഇടവകയിലേക്ക് സ്വാഗതം**



# ജീവന്റെ സമ്പൂർണ്ണത

**ബ്രദർ ജോർജ്ജ് മാർട്ടിൻ മേലേത്ത്**

* 'നിങ്ങൾക്കു ജീവൻ നൽകാനും അത് സമൃദ്ധമായി നൽകാനുമാണ് ഞാൻ വന്നിരിക്കുന്നത്' എന്നാണ് ഈശോ വചനത്തിലൂടെ നമ്മളോടു പറയുന്നത്. എന്നാൽ പലപ്പോഴും നമ്മൾ ജീവിച്ചിരിക്കെ depression, inferiocity, ഭയം എന്നീ കാരണങ്ങൾക്കൊണ്ട് മരിച്ചവരെ പോലെയാണ്. ജീവിക്കുമ്പോൾ അതിന്റെ സമ്പൂർണ്ണതയിൽ ജീവിക്കണം.

* 'നിങ്ങൾ ലോകം എങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ' (മർക്കോസ് 16:15) എന്ന തിരുവചനം അക്ഷരാർത്ഥത്തിൽ ജീവിച്ച ഒരു വ്യക്തിയാണ് വി. ഫ്രാൻസീസ് സേവ്യർ. അദ്ദേഹം പ്രശസ്ത സർവ്വകലാശാലയായ പാരിസ് യൂണിവേഴ്സിറ്റിയിൽ ഒരു പ്രശസ്ത അധ്യാപകനായിരുന്നു. വി. ഇഗ്നേഷ്യസ് ലയോള അദ്ദേഹത്തോട് പറഞ്ഞു. അതാണ് ഫ്രാൻസീസിന്റെ ജീവിതത്തെ മാറ്റിമറിച്ചത്. അത് ഇപ്രകാരം ആയിരുന്നു 'ലോകം മുഴുവൻ നേടിയാലും നിന്റെ ആത്മാവിനെ നഷ്ടപ്പെടുത്തിയാൽ നിനക്ക് എന്ത് പ്രയോജനം?' പിന്നീട് ഫ്രാൻസീസ് തീക്ഷ്ണതയിൽ മാന്ദ്യം കൂടാതെ ആത്മാവിൽ ജ്വലിക്കുന്നവനായി ക്രിസ്തുവിനെ അനുഗമിച്ചു. (റോമ 12:11) ഇന്ത്യയിൽ കടൽതീരങ്ങളിൽ മടുപ്പും വിശ്രമവും കൂടാതെ ആത്മാക്കളെ നേടുവാനുള്ള തീക്ഷ്ണതയിൽ സുവിശേഷം ധൈര്യപൂർവ്വം പ്രസംഗിച്ചു. പത്രോസിനെയും സീലാസിനെയും കാരാഗൃഹത്തിൽ ബന്ധിച്ചപ്പോൾ അവർ മരിച്ചവരെപോലെയായിരുന്നില്ല. പ്രത്യുത അവരായിരിക്കുന്ന സ്ഥിതിയെ ഓർത്തും ദൈവത്തെ സ്തുതിച്ചും ആരാധിച്ചും ക്രിസ്തുവിനെ മുറുകെ പിടിച്ചുകൊണ്ട് മുമ്പോട്ടുപോയി. വലിയ സംഘർഷങ്ങളിലും കർത്താവായിരുന്നു പൗലോസിന്റെ കോട്ടയും, തുണയും അഭയകേന്ദ്രവും. നഴ്സുമാരുടെ അമ്മ എന്നറിയപ്പെടുന്ന ഫ്ളോറൻസ് നൈറ്റിംഗേൽ യുദ്ധത്തിൽ 34 നേഴ്സുമാരെ കൂട്ടികൊണ്ട് യുദ്ധക്കളത്തിലേക്ക് പരിക്കേറ്റവരെ ശുശ്രൂഷിക്കാൻ ഇറങ്ങി. ഒത്തിരി കഷ്ടപ്പാടുകളും എതിർപ്പുകളും നേരിട്ടപ്പോഴും ഫ്ളോറൻസ് തളർന്നില്ല. ഇതുവഴി ആയിരങ്ങളെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ സാധിച്ചു.

* മദർ തെരേസ കംഫർട്ട് സോണിൽനിന്നും ഇറങ്ങി കൊൽക്കത്തയിലെ തെരുവുകളിൽ പട്ടിണിപാവങ്ങളെ കൈപിടിച്ചു നടത്തിയപ്പോൾ പലപ്പോഴും ആളുകൾ ക്രിസ്തുവിനെയായിരുന്നു കാണുന്നത്. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലിപ്പി 4:13) എന്ന വചനമനുസരിച്ച് നമ്മുടെ ജീവിതം അപരന്റെ ഉന്നമനത്തിനും രക്ഷയ്ക്കും വേണ്ടി മാറ്റിവെക്കാം. ജീവൻ അതിന്റെ സമ്പൂർണ്ണതയിൽ ജീവിക്കാം.

# ഇടവക ദിനം
# കുടുംബകൂട്ടായ്മ സംയുക്ത വാർഷികം



കുന്നംകുളം സെബാസ്റ്റ്യൻ ഇടവകയിൽ ഇടവകദിനവും കുടുംബകൂട്ടായ്മ സംയുക്ത വാർഷികവും ജനുവരി 19 ഞായറാഴ്ച HCC GUP സ്കൂൾ അങ്കണത്തിൽ തൃശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്തു. ജന. കൺവീനർ വി.സി. ജോസി സ്വാഗതം പറഞ്ഞ യോഗത്തിൽ ഇടവക വികാരി ഫാ. ഡെയ്സൻ മുണ്ടോപ്പുറം അദ്ധ്യക്ഷനായിരുന്നു.

തൃശൂർ നിർമ്മല പ്രൊവിൻസ് പ്രൊവിൻഷ്യൽ സുപ്പീരിയൽ സിസ്റ്റർ സാലി പോൾ സി.എം.സി. അനുഗ്രഹ പ്രഭാഷണം നടത്തി. കുന്നംകുളം മുനിസിപ്പൽ വാർഡ് കൗൺസിലർ ലീല ഉണ്ണികൃഷ്ണൻ, കുന്നംകുളം വൈ.എം.സി.എ. സെക്രട്ടറി ജോജു പാപ്പു, ചിറളയം ഹോളി ചൈൽഡ് കോൺവെന്റ് സിസ്റ്റർ സുപ്പീരിയർ സിസ്റ്റർ ആൻജോസ് സി.എം.സി., കുടുംബകൂട്ടായ്മ കേന്ദ്രസമിതി കൺവീനർ ലിയോൺ ജോർജ്ജ്, ഭക്തസംഘടന ഏകോപന സമിതി കൺവീനർ സി.ഒ. ആന്റണി, തിരുനാൾ മഹോത്സവ കമ്മിറ്റി ജനറൽ കൺവീനർ സാന്റി അഗസ്റ്റിൻ എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.

തൃശൂർ അതിരൂപത പാരിഷ് ബുള്ളറ്റിൻ മത്സരത്തിൽ തുടർച്ചയായി മൂന്നാം തവണയും ഏറ്റവും മികച്ച പാരിഷ് ബുള്ളറ്റി

നുള്ള മൂന്നാം സ്ഥാനം നേടിയ ടച്ച്-മീ പാരിഷ് ബുള്ളറ്റിൻ എഡിറ്റോറിയൽ ബോർഡ് അംഗങ്ങളേയും, തൃശൂർ അതിരൂപതയുടെ ബെസ്റ്റ് മോഡൽ യൂണിറ്റായി തെരഞ്ഞെടുത്ത ഇടവകയിലെ തിരുബാല സഖ്യം അംഗങ്ങളേയും മോഡൽ യൂണിറ്റായി തെരഞ്ഞെടുത്ത ജൂനിയർ സി.എൽ.സി. അൾത്താരസംഘം അംഗങ്ങളേയും യോഗത്തിൽ ആദരിച്ചു. വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ചവർക്കും, വിവിധ മത്സരങ്ങളിൽ വിജയിച്ചവർക്കും സമ്മാനങ്ങൾ നൽകി. വിവിധ കലാപരിപാടികൾക്കും സ്നേഹവിരുന്നിനും ശേഷം നടത്തുകൈക്കാരൻ കെ.ജി. ബാബു നന്ദി പറഞ്ഞു.

ഇടവകദിന കുടുംബകൂട്ടായ്മ സംയുക്ത വാർഷിക ആഘോഷങ്ങൾക്ക് ഫാ. ഡെയ്സൻ മുണ്ടോപ്പുറം കൈക്കാരന്മാരായ കെ.ജി. ബാബു, പേൾജു ബി. ചുങ്കത്ത്, സി.എൻ. ഇമ്മാനുവേൽ, ജന. കൺവീനർ വി.സി. ജോസി, ജോ. കൺവീനർ ലില്ലി ആന്റണി, അജപാലന-പാക്റ്റ് സമിതി അംഗങ്ങൾ, കുടുംബകൂട്ടായ്മാ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

## അഭിനന്ദനങ്ങൾ



2024 വർഷത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി
മികച്ച അൾത്താരബാലനായി തെരഞ്ഞെടുത്ത

**അന്തിക്കാട് ആൽഡ്രിൻ സജി-ക്ക്**

***ഇടവകയുടേയും ടച്ച്മീയുടേയും***
***അനുമോദനങ്ങൾ***



# പിരിയാത്ത സ്നേഹം

സിസ്റ്റർ ജെസ്റ്റിന CMC

ദിവ്യകാരുണ്യം ഒരു തണൽ മരമാണ്. ഉള്ളിൽ ഉറഞ്ഞുകൂടുന്ന ആത്മസംഘർഷങ്ങൾക്കുള്ള ഏക ഉത്തരമാണ്. കുരിശോളം വലുതാകാൻ കഴിയുന്നവർക്ക് മാത്രമുള്ള അനശ്വര നിധികൾ ദിവ്യകാരുണ്യത്തിൽ ഒളിഞ്ഞിരിപ്പുണ്ട്. അന്ത്യ അത്താഴവേളയിൽ മുറിച്ചു നൽകപ്പെട്ട അവന്റെ തിരുശരീരരക്തങ്ങൾക്ക് 2000 വർഷങ്ങൾക്കിപ്പുറവും അനവദ്യസൗന്ദര്യവും ശക്തിയുമുണ്ടെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. നൊമ്പരപ്പെടുന്നവന്റെ ഉള്ളിലാണ് ദിവ്യകാരുണ്യം. അവനേറ്റ നൊമ്പരങ്ങളും പീഢകളുമാണ് ദിവ്യകാരുണ്യ സ്നേഹത്തിന്റെ പൂർണ്ണത. മണ്ണിനെ വിണ്ണോളം സ്നേഹിച്ചവന് ജീവന് തുല്യം സ്നേഹിച്ചവരെ മറക്കുവാൻ ആകുമായിരുന്നില്ല. ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല... (യോഹ. 14:18). പിതാവിന്റെ സ്നേഹത്തിന് ഈശോ കൊടുത്ത വിലകൂടിയാണ് കുരിശുമരണം. ഭൂമിയിൽ തനിക്ക് സ്വന്തമായുള്ളവരെ സ്നേഹിച്ചവൻ പിരിയാത്ത സ്നേഹമായി വിശുദ്ധ കുർബാന സ്ഥാപിച്ചു.

ദൈവമനുഷ്യന്റെ സ്നേഹഗീതയിൽ ദിവ്യകാരുണ്യം സ്ഥാപിക്കുന്നതിന് മുമ്പുള്ള ഹൃദയനൊമ്പരങ്ങൾ ഈശോ വെളിപ്പെടുത്തുന്നുണ്ട്. പിതാവിന്റെ അടുത്തേക്ക് പോകാനുള്ള സമയമായി എന്ന് ഈശോ അറിഞ്ഞു. പക്ഷേ, ചങ്കോടു ചേർത്തുനിർത്തി മൂന്ന് വർഷക്കാലം കൂടെ കൊണ്ടുനടന്ന തന്റെ പ്രിയപ്പെട്ടവരെ വിട്ടുപിരിയുക എന്നത് ഈശോയ് മർമഭേദകമായ അനുഭവമായിരുന്നു. ദൈവത്തെ പ്രസാദിപ്പിക്കാനുള്ള ഏക വഴി കുരിശിലെ ബലിയാണ്. അത് വീണ്ടും ആവർത്തിക്കപ്പെടാവുന്നതല്ല എന്ന് ഹെബ്രായ ലേഖനത്തിൽ പറയുന്നുണ്ട്. ആവർത്തിക്കപ്പെടാവുന്നതും കുരിശിലെ ബലിക്ക് തുല്യവുമായ ബലിയാണ് ഈശോ അന്ത്യഅത്താഴവേളയിൽ സ്ഥാപിച്ചത്. രക്തം ചിന്താത്ത ബലി.

ക്രിസ്തുസ്നേഹത്തിന് കുരിശുമരണത്തോളവും വിശുദ്ധ കുർബാനയോളവും പകരം വെയ്ക്കുവാൻ മറ്റൊന്നുമില്ല. വിശുദ്ധ ബലി, അത് സ്വർഗ്ഗത്തിന്റെ പ്രവൃത്തിയാണ്. സ്വർഗ്ഗം സന്നിഹിതമാകുന്ന ഇടമാണ്. ഈ സ്വർഗ്ഗത്തിന്റെ മാധുര്യം തൊട്ടറിഞ്ഞവരാണ് വിശുദ്ധാത്മാക്കൾ. വിശുദ്ധ കുർബാനയോട് അനന്യ സാധാരണമായ ഭക്തി പുലർത്തിയ ആത്മാക്കൾ ജീവിതം കൊണ്ട് പഠിപ്പി

ക്കുന്ന ചില സത്യങ്ങളുണ്ട്. വിശുദ്ധ കുർബാനയോളം വിലപ്പെട്ട തായി ഈ ഭൂമിയിൽ ഒന്നുമില്ല. വി. കുർബാനക്ക് പകരം വെയ്ക്കാൻ ഈ ജീവിതത്തിൽ ഒന്നും തികയുമില്ല. ഈ കാലഘട്ട ത്തിന്റെ വിശുദ്ധനായ കാർലോ അക്വിറ്റസും ലോകത്തിന് നൽകുന്ന മഹത്തായ സന്ദേശം വി. കുർബാനയുടെ ശക്തിയും സ്നേഹവുമാണ്.

ഒരിക്കലെങ്കിലും ആ സ്നേഹം തൊട്ടറിഞ്ഞവർ ബലിപീഠം വിട്ട് പോവുകയില്ല. വിശുദ്ധ അമ്മത്രേസ്യ ഒരിക്കൽ ഈശോയോട് ചോദിക്കുന്നുണ്ട്; ഈശോയേ ഞാൻ എങ്ങനെയാണ് നിന്നെ സ്നേഹിക്കേണ്ടത്. അതിനുള്ള ഈശോയുടെ മറുപടി ഇങ്ങനെയാ യിരുന്നു. പോയി ഒരു വിശുദ്ധ ബലിയിൽ പങ്കുചേരുക. ഈശോയെ പ്രസാദിപ്പിക്കാനും ഈശോയുടെ സ്നേഹം അനുഭവിക്കാനുമുള്ള ഏകവഴി വിശുദ്ധ കുർബാന സ്വീകരണമാണ്. വിശുദ്ധ കുർബാന യിലെ ഈശോയുടെ സ്നേഹം അതൊരനുഭവമാണ്. ആ സ്നേഹം അനുഭവിക്കണമെങ്കിൽ കൃപ കൂടിയേ തീരൂ. പാപത്തിന്റെ പടുകുഴി യിൽ കിടക്കുന്നവനും ക്രിസ്തുവിന്റെ ചങ്കിൽ ഇടമുണ്ട്. വിശുദ്ധ കുർബാന സ്ഥാപിക്കുന്ന സമയത്തുതന്നെയാണ് ഒരുവൻ ഈശോയെ ഒറ്റിക്കൊടുക്കുന്നതും മറ്റൊരുവൻ തള്ളിപ്പറയുന്നതും. എല്ലാം അലിവോടെ ക്ഷമിച്ചവന് ഇന്നത്തെ നമ്മുടെ പാപവും വേദ നകളും മനസിലാകും.

തിരിച്ചുവരാനുള്ള മനസ്സാണ് പ്രധാനം. പന്നിക്കൂട്ടിൽ കിടന്ന പോൾ സുബോധം ഉണ്ടായ ധൂർത്തപുത്രനെപ്പോലും സ്വീകരിച്ച വൻ വാദമുഖങ്ങൾ ഉയർത്തുന്നില്ല. സ്നേഹത്തിന്റെ പ്രതിഫലം ചോദിക്കുന്നില്ല. സ്നേഹിക്കാനുള്ള മനസ്സുണ്ടെങ്കിൽ ദിവ്യകാ രുണ്യം ശക്തിയായി മാറുന്നത് ദർശിക്കാം. കാരണം നൊമ്പരപ്പെട ലിന്റെ ആഴത്തിലാണ് അവൻ വിശുദ്ധ കുർബാന സ്ഥാപിച്ചത്.



## അനുമോദനങ്ങൾ

ഡിസംബർ മാസത്തിൽ ഇടവകയിലെ
മികച്ച അൾത്താരബാലനായി
തെരഞ്ഞെടുത്ത

**തെക്കേക്കര ലിയോൺ ആൽവിൻ-ന്**

***ഇടവകയുടേയും ടച്ച്മീയുടേയും***
***അനുമോദനങ്ങൾ***

## പ്രതിനിധിയോഗ വാർത്തകൾ

1. യോഗത്തിൽ നടത്തുകൈക്കാരൻ കെ.ജി. ബാബു സ്വാഗതം പറഞ്ഞു.
2. ഡിസംബർ മാസത്തെ റിപ്പോർട്ടും, വരവ്-ചെലവ് കണക്കും, ഓഡിറ്റ് റിപ്പോർട്ടും വായിച്ചു പാസ്സാക്കി.
3. യുവജന വർഷ റിപ്പോർട്ട് ജോ. കൺവീനർ ജെസ്ന സി.ജെ. അവതരിപ്പിച്ചു.
4. തലോർ ഇൻഫാന്റ് ജീസസ് പള്ളിയുടെ നിർമ്മാണ പ്രവർത്തനത്തിനായി ഫെബ്രുവരി 16ന് പ്രത്യേക സ്തോത്ര കാഴ്ച എടുക്കുന്നതിന് തീരുമാനിച്ചു.
5. കൂദാശ വിലക്കിന്റെ ഗൗരവത്തെക്കുറിച്ച് അച്ചൻ വിശദീകരിച്ച് സംസാരിച്ചു.

## കുടുംബകൂട്ടായ്മ സമ്മേളനങ്ങൾ

| തിയ്യതി | സമയം | കുടുംബകൂട്ടായ്മ | വസതി |
|---|---|---|---|
| 09-02-2025 | 3.00 pm | സെന്റ് ജോസഫ് | തലക്കോട്ടൂർ ഫ്ളൗസി റോക്കി (ദയ-റോയൽ ഹോസ്പിറ്റലിനു സമീപം, ഗുരുവായൂർ റോഡ്) |
| 09-02-2025 | 4.00 pm | മേരി മാതാ | കൂത്തൂർ ലൂവീസ് റോബിൻ (അന്നംകുളങ്ങര അമ്പലം റോഡ്, കാണിപ്പയ്യൂർ) |
| 16-02-2025 | 3.00 pm | സെന്റ് ആന്റണീസ് | തെക്കുമ്പുറം ഔസേപ്പ് ആന്റോ (കോടതിയുടെ മുൻവശം) |
| 16-02-2025 | 4.00 pm | സെന്റ് തോമസ് | കുറ്റിക്കാട്ട് മേരി ജോർജ്ജ് (ചിറളയം) |
| 23-02-2025 | 3.00 pm | സെന്റ് ജോർജ്ജ് | ആദവനാട് അപ്പു മകൾ നിർമ്മല (കോട്ടയിൽ റോഡ്) |
| 23-02-2025 | 4.00 pm | സെന്റ് സേവ്യർ | വടക്കൂട്ട് സീന രാജു (കിഴക്കേ അങ്ങാടി) |

# സംഘടനാ വാർത്തകൾ

**റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ**

* ജനുവരി 1 രാവിലെ വർഷാരംഭ പ്രാർത്ഥനയോടെ പുതു വർഷത്തെ വരവേറ്റു.
* പുതുവെളിച്ചത്തിന്റെ പ്രതീകമായി പുതുവർഷ തിരിതെളിയിക്കൽ ശുശ്രൂഷ നിർവഹിച്ചു. തുടർന്ന് ഇടവക വികാരി പ്രാവിനെ പറത്തിക്കൊണ്ട് സന്തോഷകരവും സമാധാനപൂർണവുമായ പുതുവർഷം ആശംസിച്ചു.

**തിരുബാലസഖ്യം**

* ജനുവരി 7 രാവിലെ ഉണ്ണീശോയുടെ തിരുനാൾ കുർബാനയ്ക്കും നൊവേനയ്ക്കും തുടർന്ന് തിരുനാൾ കാരുണ്യസമർപ്പണത്തിനും നേർച്ച വിതരണത്തിനും നേതൃത്വം നൽകി.
* തിരുബാലസഖ്യ ദിനത്തിന് മുന്നോടിയായി ജനുവരി 26 വൈകീട്ട് 2.30ന് കുട്ടികൾക്കായുള്ള വിവിധങ്ങളായ തിരുബാല സഖ്യ ലീഗ് മത്സരങ്ങൾ നടത്തി.
* തൃശൂർ അതിരൂപത 2024 വർഷത്തെ പ്രവർത്തന മികവ് കണക്കിലെടുത്ത് ഇടവകയിലെ തിരുബാലസഖ്യ സംഘടനയെ ബെസ്റ്റ് മോഡൽ യൂണിറ്റായി തെരഞ്ഞെടുത്തു. ജനുവരി 19 ഞായറാഴ്ച അതിരൂപത ആസ്ഥാനത്ത് വെച്ച് നടന്ന സമ്മാനദാന ചടങ്ങിൽ പങ്കെടുത്ത് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽനിന്നും ട്രോഫികൾ സ്വീകരിച്ചു. അന്നേദിനം നടന്ന ഇടവക ദിന ആഘോഷത്തിൽ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സംഘടനാ അംഗങ്ങളെ ആദരിച്ചു.

**മാതൃവേദി**

* ജനുവരി 20 തിങ്കളാഴ്ച വൈകീട്ട് 6.30ന് വി. സെബസ്ത്യാനോസിന്റെ തിരുനാളിനോടനുബന്ധിച്ച് നവ വൈദികർക്ക് സ്വീകരണം നൽകുകയും വിശുദ്ധന്റെ നാമധാരികളെ ആദരിക്കുകയും ചെയ്തു. തുടർന്ന് വിശുദ്ധ കുർബാനയ്ക്ക് ശേഷം വിപുലമായ ഫുഡ്ഫെസ്റ്റ് നടത്തി.

**യുവജനകമ്മിറ്റി**

* യുവജന വർഷ സമാപന തിരുനാൾ കാരുണ്യ മിഴിവന്റെ ഭാഗമായി ഹെയർ ഡൊണേഷൻ 2K25ന് നേതൃത്വം നൽകി.
* BLAZE യുവജന കൂട്ടായ്മയുടെ നേതൃത്വത്തിൽ ബാന്റ് വാദ്യ

ത്തിന്റെ അകമ്പടിയോടെ സഘോഷം ജനുവരി 3 വൈകീട്ട് 7 മണിക്ക് കുന്നംകുളം നഗരവീഥികളിലൂടെ തിരുനാൾ വിളംബരം നടത്തി.

**ജൂനിയർ സി.എൽ.സി.**

* തൃശൂർ അതിരൂപത 2024 വർഷത്തെ പ്രവർത്തന മികവ് കണക്കിലെടുത്ത് ഇടവകയിലെ ജൂനിയർ സി.എൽ.സി. സംഘടനയെ അതിരൂപതയിലെ മോഡൽ യൂണിറ്റായി തെരഞ്ഞെടുത്തു. ജനുവരി 19 ഞായറാഴ്ച അതിരൂപത ആസ്ഥാനത്ത് നടന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും ട്രോഫികൾ സ്വീകരിച്ചു. അന്നേദിനം നടന്ന ഇടവകദിന ആഘോഷത്തിൽ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സംഘടനാ അംഗങ്ങളെ ആദരിച്ചു.
* ഇടവക തിരുനാൾ മഹോത്സവത്തോടനുബന്ധിച്ച് സംഘടനയുടെ നേതൃത്വത്തിൽ ഭക്തവസ്തുക്കളുടെ വില്പന നടത്തി.

**അൾത്താരസംഘം**

* തൃശൂർ അതിരൂപത 2024 വർഷത്തെ പ്രവർത്തന മികവ് കണക്കിലെടുത്ത് ഇടവകയിലെ അൾത്താരസംഘത്തെ അതിരൂപതയിലെ മോഡൽ യൂണിറ്റായി തെരഞ്ഞെടുത്തു. ജനുവരി 19 ഞായറാഴ്ച അതിരൂപത ആസ്ഥാനത്ത് നടന്ന ചടങ്ങിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിൽ നിന്നും ട്രോഫികൾ സ്വീകരിച്ചു. അന്നേദിനം നടന്ന ഇടവകദിന ആഘോഷത്തിൽ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് സംഘടനാ അംഗങ്ങളെ ആദരിച്ചു.
* ഇടവക തിരുനാൾ മഹോത്സവത്തോടനുബന്ധിച്ച് സംഘടനയുടെ നേതൃത്വത്തിൽ ഫുഡ് സ്റ്റാൾ നടത്തി.

**യൂത്ത് സി.എൽ.സി.**

* ഇടവക തിരുനാൾ മഹോത്സവത്തോടനുബന്ധിച്ച് സംഘടനയുടെ നേതൃത്വത്തിൽ ഫാമിലി പാക്ക് ഐസ്ക്രീം 2K25 വില്പന ഒരുക്കി.

**കെ.എൽ.എം.**

* ഇടവക തിരുനാൾ മഹോത്സത്തിന്റെ മുന്നോടിയായി സംഘടനയുടെ നേതൃത്വത്തിൽ അച്ചപ്പം, കുഴലപ്പം വില്പന നടത്തി.



## ഞാൻ വരവായ്

❖ വടക്കേകൂറ്റ് ആൽവിൻ സിബി + ആൻമരിയ വർഗ്ഗീസ് മകൾ **എലിസബത്ത് (ഗബ്രിയെല്ല മിസ്റ്റിക്ക ആൽവിൻ)**

# ഇടവക ആൽബം

## തിരുനാൾ 2025














# ഇടവക ആൽബം

## തിരുനാൾ 2025

















# ഇടവക ആൽബം

## യുവജന വർഷ സമാപനം





## തിരുനാൾ കാരുണ്യ ഊട്ട്




## തിരുനാൾ കാരുണ്യ സമർപ്പണം




## തിരുനാൾ ഫോട്ടോഗ്രാഫി മത്സരം




## നവവൈദികർക്ക് സ്വീകരണം




## നാമഹേതു തിരുനാൾ



## ക്രിസ്തുമസ് ഫെസ്റ്റ് 2024 സമ്മാന വിതരണം





# ഇടവക ആൽബം

കുഞ്ഞുപൈതങ്ങളുടെ ദിനം



ഉണ്ണീശോയ്ക്കൊരു പുണ്യമാല സമർപ്പണം



ഉണ്ണീശോയ്ക്ക് പൊൻകൊടി സമർപ്പണം



ഉണ്ണീശോയ്ക്ക് നന്മബൊക്കെ സമർപ്പണം



ബോൺ നതാലെ 2024



കുട്ടികൂട്ടായ്മ പിണ്ടികുത്തി മത്സരം



ഇടവകദിനം ഉദ്ഘാടനം



ബൈബിൾ പകർത്തിയെഴുത്ത് പ്രകാശനം



ഇടവക പ്രാർത്ഥന പുസ്തകം പ്രകാശനം



അജപാലന പദ്ധതി 2025 പ്രകാശനം



പാരിഷ് ആന്തം പ്രകാശനം



CREDO CHILDREN'S KOINONIA




BLAZE YOUTH KOINONIA



## മിഴിവിളക്ക്

# കാവൽ മാലാഖ

### 3. സിതായേൽ :
### "സർവസൃഷ്ടിയുടേയും പ്രത്യാശയായ ദൈവം"
### (മാർച്ച് 31 - ഏപ്രിൽ 4 കാലയളവിൽ ജനിച്ചവർക്ക്)

വികസനത്തിനുള്ള കഴിവിനെ പ്രതിനിധീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു ഈ കാവൽ മാലാഖ. സർവ്വതിനേയും പുഷ്ടിപ്പെടുത്തുന്നു എന്ന ഗുണവുമുണ്ട്. തന്റെ സംരക്ഷണത്തിൽ കീഴിലുള്ളവർക്ക് ഇദ്ദേഹം നല്ല ആദർശനിഷ്ഠ നൽകുന്നു. ഒപ്പം ഏറെ ഉപകാരപ്രദമായ പ്രായേഗിക ബുദ്ധിയും അതുവഴി അവരുടെ ആശയങ്ങളെല്ലാം പ്രായോഗികരായി വിജയിക്കും. അവർ തങ്ങളുടെ ചിന്തകൾ പ്രകാശിപ്പിക്കുന്നതിൽ പിശകു കാട്ടേണ്ടതില്ല. കാരണം ഈ മാലാഖ അവയിൽ മിക്കവയെയും വിജയിപ്പിക്കും. ദൈവം അവരോട് ഒദാര്യം ഏറെ കാണിക്കാത്തക്കവിധം സിതായേൽ ഇടപെടുന്നതിനാൽ അവർ തങ്ങളുടെ പ്രയാസങ്ങളേയും ദൗർഭാഗ്യങ്ങളേയും മറികടക്കാൻ ഈ കാവൽ മാലാഖയെ വിളിക്കുക. വ്യക്തിപരമായ പ്രവർത്തനങ്ങൾ, നിർമ്മാണത്തൊഴിൽ എന്നിവയിൽ ഇതുവഴി വിജയം സുനിശ്ചിതം. ഇദ്ദേഹത്തിന്റെ വാഗ്ദാനങ്ങൾ ഉറച്ചതാണ്. നിയമപരമായ കാര്യങ്ങളിലും വിജയം ലഭിക്കും. ഈ മാലാഖയോട് പ്രാർത്ഥിക്കുകവഴി തന്റെ തെറ്റായ പ്രവൃത്തികളെ പൂർണ്ണമായിത്തന്നെ മാറ്റാൻ നമുക്ക് കഴിയും.

പ്രാർത്ഥന : ഒരിക്കൽ എന്റെ സഹോദരനും സുഹൃത്തുക്കളും വ്യാപാര പങ്കാളികളുമായിരുന്നവരെ തിരിച്ചറിയാൻ നാഥാ, എന്നെ സഹായിക്കണമേ. എന്റെ ശത്രുക്കളേയും ഒരിക്കൽ ഞാൻ സ്നേഹിച്ചിരുന്നവരേയും വെറുത്തവരേയും സ്നേഹിച്ച് അവരിൽ പുതിയ പ്രതീക്ഷ ഉണർത്താൻ എന്നെ ശക്തനാക്കണമേ. ഓ സിതായേൽ, സംഘർഷത്തിന്റെ കേന്ദ്രത്തിലും കൊടുങ്കാറ്റിന്റെ നടുമദ്ധ്യത്തിലും എന്നെ നിറുത്തുക. അങ്ങയുടെ സ്നേഹത്തിന്റെ മാധ്യസ്ഥത്താൽ അവയെല്ലാം അലിഞ്ഞില്ലാതാകുമല്ലോ. വലിയവർക്കും എളിയവർക്കും നേരെ വിശ്വസ്തത കാട്ടുന്നവനായി എന്നെ പരിവർത്തിപ്പിക്കേണമേ. എല്ലാ കാര്യങ്ങളിലും ഞാൻ സംതുലനാവസ്ഥ നിലനിർത്തുമാറാകട്ടെ. പക്ഷം പിടിക്കാനുള്ള പ്രലോഭനത്തെ ചെറുക്കാൻ എനിക്കു ശക്തിതരണമേ. എന്നെ എല്ലായ്പ്പോഴും പ്രത്യാശ

### ജൂനിയർ സി.എൽ.സി. പംക്തി



# നമ്മുടെ പരിശുദ്ധ അമ്മ

**ആദ്യ മരിയ അഗസ്റ്റിൻ**

ഭൂമിയിലെ ഏറ്റവും മനോഹരമായ പദം അമ്മ. കരുണാപൂർണ്ണനും അനന്തജ്ഞാനിയുമായ ദൈവത്തിന് ഈ ലോകത്തിന്റെ വീണ്ടെടുപ്പിനായി മനുഷ്യജന്മം എടുക്കുന്നതിനും വചനം മാംസമായി തീരുന്നതിനും ഒരു അമ്മ വേണം. അതിനായി ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളാണ് പരിശുദ്ധ അമ്മ. എളിമ നിറഞ്ഞ മനസ്സോടെ ദിവ്യകുമാരന്റെ അമ്മയാകുന്നവളുടെ ദാസി ആവാൻ ആഗ്രഹിച്ചവളാണ് പരിശുദ്ധ കന്യകാമറിയം. എളിമ, സ്നേഹം, കരുണ, വാത്സല്യം, ദൈവഹിതം അന്വേഷിക്കൽ, അനുസരണം തുടങ്ങിയ ഒട്ടേറെ വൈശിഷ്ട്യങ്ങൾ അമ്മയിൽ കാണാം. പരിശുദ്ധ കന്യാമറിയം നമുക്കു നൽകുന്ന ഏറ്റവും വലിയ സന്ദേശം, അവൾ ജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തുകയായിരുന്നു.

അവിശ്വസനീയം എന്ന് ആരും പറഞ്ഞുപോകുന്ന ഒരു വാർത്തയുമായി അവളെ സമീപിച്ച ദൈവദൂതന്റെ മുമ്പിൽ ദൈവത്തിന് ഒന്നും അസാധ്യമല്ല എന്നു മനസ്സിലാക്കിയപ്പോൾ ഇതാ കർത്താവിന്റെ ദാസി എന്നു പറഞ്ഞത് തന്നെത്തന്നെ ദൈവഹിതത്തിനു വിട്ടുകൊടുത്തു. അതിനാലാണ് ദൈവമാതാവാകാനും അത്ഭുതകരമായി സ്വർഗത്തിലേക്ക് കരേറ്റപ്പെടാനും മറിയത്തിനു സാധിച്ചു.


സ്വർഗത്തിൽ നമുക്കായി ഒരു അമ്മയുണ്ട് എന്ന പ്രത്യാശയോടെ നമുക്കും പരിശുദ്ധ ദൈവമാതാവിനോടൊത്ത് പ്രാർത്ഥിക്കാം.

യുടെ ഒരു വാഹകനാക്കിയാലും!

ഉപദേശം : എതിരാളികൾ പറയുന്നതും കേൾക്കുക. നിങ്ങളെത്തന്നെ യഥാർത്ഥ രൂപത്തിൽ കാണിച്ചുതരുന്ന കണ്ണാടികളാണവർ. അതുവഴി നിങ്ങൾക്ക് തെറ്റായ ആത്മപ്രകൃതിയെ തിരിച്ചറിഞ്ഞ് ഉപേക്ഷിക്കാനാവും. നിങ്ങളുടെ ശത്രുക്കളുടെ തെറ്റുകളെ പൊറുക്കുക. പലപ്പോഴും അവയ്ക്ക് നിങ്ങളുടെ തന്നെ വീഴ്ചകളുമായി ബന്ധമുണ്ട്

തയ്യാറാക്കിയത്

ഭക്തസംഘടന ഏകോപനസമിതി, കുന്നംകുളം




6th
Happyy Brithday
05-02-2025
Darin Antony Dinto
8th
Happyy Brithday
10-03-2025
Danlin Anna Dinto
Happy Birthday
Dinto Dominik & Nitha Dinto
Chiriyamkandath House, P.O. Thekkeppuram, Kunnamkulam
Best Wishes From : Dada, Amma, Appappan, Ammamma




5-ാം
ചരമവാർഷികം
24-02-2025
കുറ്റൂക്കാരൻ
ഈനാശു ഭാര്യ
റോസിലി ഈനാശു
തെക്കേപ്പുറം - കുന്നംകുളം
ദുഃഖസ്മരണകളോടെ : കുടുംബാംഗങ്ങൾ



പാവനസ്മരണയ്ക്ക്
14-ാം ചരമവാർഷികം
22-02-2025
വലിയവീട്ടിൽ ദേവസി
തോമ
സ്നേഹസ്മരണകളോടെ...
മക്കൾ മരുമക്കൾ
ഗ്രേസി പോളി
ഉഷ രാജൻ (Late)
ബാബു ജാൻസി
വർഗ്ഗീസ് ബേബി
ജോയ് റീത്ത
സണ്ണി ഷീജ





പാവനസ്മരണയ്ക്ക്
19-ാം ചരമവാർഷികം
18-02-2025
ചുങ്കത്ത് പറിഞ്ചു
ഔസേപ്പ്
കക്കാട്
സ്നേഹസ്മരണകളോടെ
സിഒ. ബാബു & ഫാമിലി



# വൃക്കയിലെ കല്ലുകൾ

ഡോ. പോൾ സി. റാഫേൽ



വൃക്കയിലുണ്ടാകുന്ന പ്രധാന രോഗമാണ് കല്ലുകൾ. അപ്രതീക്ഷിതമായി ഉണ്ടാകുന്ന അതികഠിനമായ വയറുവേദനയാണ് ഈ അസുഖത്തിന്റെ പ്രധാന ലക്ഷണം. ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും രണ്ടോ മൂന്നോ ദിവസം വേദന നീണ്ടുനിൽക്കാം. ചിലപ്പോൾ വേദനക്കു പുറമേ ഓക്കാനവും ഛർദ്ദിയും ഉണ്ടാകാറുണ്ട്. വേദന വന്നാലുടൻതന്നെ വേദനസംഹാരികൾ ഉപയോഗിക്കുക എന്നതാണ് അടിയന്തിരമായി ചെയ്യേണ്ടത്. ഗുളികകൾ പലപ്പോഴും വേദനയ്ക്ക് പരിഹാമാകുന്നില്ല. ചില ഗുളികകൾ കഴിക്കാനും കഴിയില്ല. അടുത്ത ആശുപത്രിയിൽ പോയി വേദന സംഹാരികൾ എടുക്കുക മാത്രമാണ് പരിഹാരം.

**എന്താണ് കല്ലുകൾ**

ശരീരത്തിലെ മാലിന്യങ്ങൾ മൂത്രത്തിലൂടെയാണ് പുറത്തുപോകുന്നത്. മാലിന്യങ്ങളെ ദ്രാവകരൂപത്തിൽ പുറത്തുകളയാൻ മൂത്രത്തിന്റെ സവിശേഷ രാസഘടന സഹായിക്കുന്നു. ഈ അവസ്ഥയ്ക്ക് എന്തെങ്കിലും വ്യതിയാനങ്ങൾ സംഭവിക്കുമ്പോൾ ഈ മാലിന്യങ്ങൾ ഖരരൂപത്തിൽ അടിയുന്നു. ഇതാണ് കല്ലുകൾ.

വൃക്കയിലുണ്ടാകുന്ന കല്ലുകൾ മൂത്രത്തിനോടൊപ്പം പുറത്തേക്ക് പോകാൻ ശ്രമിക്കും. എന്നാൽ വലിപ്പമുള്ള കല്ലുകൾ മൂത്രനാളിയിലെവിടെയെങ്കിലും കുടുങ്ങി കിടക്കും. ഈ സമയത്ത് വേദന ഉണ്ടാകും.

ഈ കല്ല് പുറത്ത് പോകുന്നതുവരെ പല ആവർത്തി വേദന തുടർന്നുകൊണ്ടിരിക്കും. ഒരിക്കൽ കല്ല് വന്ന രോഗിക്ക് വീണ്ടും കല്ല് വരാനുള്ള സാധ്യത വളരെ കൂടുതലാണ്.

**ചികിത്സാ മാർഗ്ഗങ്ങൾ**

മൂത്രത്തിലെ കല്ലിന്റെ ചികിത്സക്ക് വളരെ നൂതനമായ പല ചികിത്സാ സംവിധാനങ്ങളും ലഭ്യമാണ്. കല്ലിന്റെ വലിപ്പം, കാഠിന്യം, അതു കുടുങ്ങിയിരിക്കുന്ന സ്ഥാനം എന്നിവയെ ആശ്രയിച്ചാണ്

ചികിത്സ തീരുമാനിക്കുന്നത്.

മൂത്രനാളിയിൽ (Ureter) കുടുങ്ങിയിരിക്കുന്ന കല്ലുകൾ നീക്കം ചെയ്യാൻ യൂറിട്ടറോസ്കോപ്പി (Ureteroscopy) എന്ന സംവിധാനമാണ് ഉപയോഗിക്കുന്നത്. മൂത്രനാളിയിലൂടെ ഉള്ളിലേക്ക് നേർത്ത ട്യൂബ്പോലുള്ള ഉപകരണമാണ് കടത്തുന്നത്. ഇതിലൂടെ കല്ലുകൾ പൊട്ടിച്ച് ചെറിയ തരികളാക്കുന്നു. അപകടസാധ്യതകൾ വളരെ കുറഞ്ഞ ഒരു ചികിത്സാരീതിയാണിത്. ഒന്നോ രണ്ടോ ദിവസത്തെ ആശുപത്രിവാസം മാത്രമേ ആവശ്യമുള്ളൂ.

വൃക്കയിലെ കല്ലുകൾ നീക്കം ചെയ്യാൻ 3 മാർഗ്ഗങ്ങളുണ്ട്. ഒന്ന് ഓപ്പറേഷൻ ഇല്ലാതെതന്നെ ഷോക്ക്വേവുകൾ ഉപയോഗിച്ച് പൊട്ടിച്ചു കളയുന്ന രീതി

**Extracorporeal Shock Waw Therapy (ESWT)**

കാഠിന്യം കൂടിയതോ, അധികം വലുപ്പമുള്ളതോ ആയ കല്ലുകൾ ഇതിലൂടെ നീക്കം ചെയ്യാൻ സാധിക്കുകയില്ല. ഈ പ്രക്രിയയിലൂടെ കല്ലുകളിൽ നിന്നും ഉണ്ടാകുന്ന കഷണങ്ങൾ വലുതായിപ്പോയാൽ അവയെല്ലാം മൂത്രനാളിയിൽ കുടുങ്ങാനും സാധ്യതയുണ്ട്.

തൊലിപ്പുറത്ത് ഉണ്ടാക്കുന്ന ഒരു ചെറിയ മുറിവിലൂടെ വൃക്കയിൽ ഒരു ചെറു സുഷിരമുണ്ടാക്കി അതിലൂടെ ട്യൂബ് കടത്തി കല്ലു പൊട്ടിക്കുന്ന രീതിയായ Percentage Nephrolith Lying (Perr). വളരെ വലിയ കല്ലുകൾ പോലും ഇത്തരത്തിൽ നീക്കം ചെയ്യുന്നതാണ്. കല്ലിന്റെ വലിപ്പവും സ്ഥാനവും അനുസരിച്ച് രണ്ടോ അതിലധികമോ സുഷിരങ്ങളും ആവശ്യമായി വരാറുണ്ട്.

**നൂതന ചികിത്സാ മാർഗ്ഗങ്ങൾ**

വൃക്കയ്ക്കുള്ളിലെ കല്ലുകൾ മൂത്രനാളിയിലൂടെ തന്നെ ട്യൂബ് കടത്തി പൊട്ടിക്കാനുള്ള സംവിധാനമാണ് ഈ രംഗത്തെ പുതിയ സാങ്കേതിക വിദ്യ. ഇതിനെ Retragrade Intrarenal Surgery (RIRS) എന്ന് പറയുന്നു. ഇതിന് ഉപയോഗിക്കുന്നത് Flexible Ureteroscope വിവിധ രൂപത്തിൽ വളയ്ക്കാവുന്ന ഒരു നേർത്ത ട്യൂബാണിത്. വൃക്കയുടെ വിവിധ അറകളിൽ ഇരിക്കുന്ന കല്ലുകളെ കണ്ടുപിടിച്ച് പൊട്ടിച്ചുകളയാൻ ഇതിലൂടെ സാധിക്കുന്നു. ലേസർ രശ്മികളാണ് കല്ല് പൊട്ടിക്കാനായി ഉപയോഗിക്കുന്ന ഈ ട്യൂബിലൂടെ കടത്തിവിടുന്ന ലേസർ രശ്മികൾ കല്ലിനെ വളരെ നേർത്ത തരികളാക്കി മാറ്റുന്നു. ഈ തരികൾ മൂത്രനാളിയിലൂടെ പുറത്തേക്ക് പൊകും.

വളരെ വലിയ കല്ലുകൾ ഈ രീതിയിൽ നീക്കം ചെയ്യാൻ പ്രയാസമാണ്. എന്നാൽ വലിയ കല്ലുകൾ ഘട്ടം ഘട്ടമായി നീക്കം ചെയ്യാൻ സാധിക്കും. പലരും നൂതനമായ ലേസർ സാങ്കേതിക വിദ്യ

കൾ ഉപയോഗിച്ച് ശസ്ത്രക്രിയയുടെ സമയം കുറയ്ക്കാൻ സാധിക്കും. തൊലിപ്പുറത്തോ വൃക്കകളിലോ മുറിവുകൾ ഒന്നും തന്നെ ഇല്ല എന്നത് ഈ രീതിയുടെ പ്രധാന ആകർഷണമാണ്.

**കല്ലുകൾ വരുന്നത് തടയാൻ എന്തുചെയ്യണം**

ധാരാളം വെള്ളം കുടിക്കുകയാണ് പ്രധാന പോംവഴി. രോഗിയുടെ വിശദമായ രക്തപരിശോധനയും മൂത്രപരിശോധനയും കഴിഞ്ഞതിനുശേഷം മാത്രമേ കല്ല് പോകാനുള്ള കാരണങ്ങൾ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അതനുസരിച്ചാണ് ആഹാരനിയന്ത്രണങ്ങൾ നിർദ്ദേശിക്കുന്നത്. കല്ലുകൾ തടയാൻ ശ്രമിക്കുന്നപോലെ പ്രധാനമാണ് തുടർ പരിശോധനകൾ, കൃത്യമായ കാലയളവിൽ അൾട്രാസൗണ്ട് സ്കാനിങ്ങ്, എക്സറേ, സി.ടി. സ്കാൻ മുതലായവ എടുക്കേണ്ടി വന്നേക്കാം.

നൂതന സാങ്കേതിക വിദ്യകൾ വൃക്കിയിലെ കല്ലുകളുടെ ചികിത്സയെ ലളിതവും അപകട സാധ്യത കുറഞ്ഞുമായി മാറ്റിയിട്ടുണ്ട്.

**സംഘടന / സമിതി മീറ്റിംഗുകളുടെ ദിവസവും സമയവും**

| | |
|---|---|
| ഒന്നാം ഞായർ രാവിലെ 7.30ന് | കുടുംബകൂട്ടായ്മ കേന്ദ്രസമിതി |
| ഒന്നാം ഞായർ രാവിലെ 10.30ന് | വിശ്വാസപരിശീലന അധ്യാപക സമിതി |
| ഒന്നാം ഞായർ വൈകീട്ട് 5.00ന് | അൾത്താരസംഘം |
| ഒന്നാം ബുധൻ വൈകീട്ട് 5.00ന് | പ്രാർത്ഥനാ ഗ്രൂപ്പ് |
| രണ്ടാം ഞായർ രാവിലെ 7.30ന് | കെ. എൽ. എം. |
| രണ്ടാം ഞായർ രാവിലെ 10.30ന് | യൂത്ത് സി. എൽ. സി. |
| രണ്ടാം ഞായർ വൈകീട്ട് 5.00ന് | ഗായകസംഘം |
| മൂന്നാം ശനി വൈകീട്ട് 8.00ന് | ടച്ച് മീ എഡിറ്റോറിയൽ ബോർഡ് |
| മൂന്നാം ഞായർ രാവിലെ 7.30ന് | ഇടവക പ്രതിനിധിയോഗം |
| മൂന്നാം ഞായർ രാവിലെ 10.30ന് | തിരുബാലസഖ്യം |
| മൂന്നാം ഞായർ രാവിലെ 10.30ന് | ജൂനിയർ സി. എൽ. സി. |
| മൂന്നാം ഞായർ വൈകീട്ട് 5.00ന് | ജീസസ് യൂത്ത് |
| നാലാം ഞായർ രാവിലെ 7.30ന് | കത്തോലിക്കാ കോൺഗ്രസ്സ് |
| നാലാം ഞായർ രാവിലെ 10.30ന് | മാതൃവേദി |
| നാലാം ഞായർ വൈകീട്ട് 5.00ന് | കെ. സി. വൈ. എം. |
| അഞ്ചാം ഞായർ രാവിലെ 7.30ന് | ഭക്തസംഘടന ഏകോപനസമിതി |
| അഞ്ചാം ഞായർ രാവിലെ 10.30ന് | റോസമിസ്റ്റിക്ക അൾത്താര ഡെക്കറേഷൻ സമിതി |

# വഴിവിളക്ക്

# അപ്പസ്തോലന്മാർ

**യൂദാസ് സ്കറിയോത്താ**

| | |
|---|---|
| പേരിന്റെ അർത്ഥം | - യൂദാ: വാഴ്ത്തപ്പെട്ടവൻ ഇസ്കറിയോത്താ : കൊറിയോത്തിൽ നിന്നുള്ള മനുഷ്യൻ |
| മറ്റുനാമങ്ങൾ | - ഒറ്റുകാരൻ, കള്ളൻ, പിശാച് നാശത്തിന്റെ സന്തതി |
| സുവിശേഷപ്രഘോഷണം | - ഗലീലിയാ പ്രദേശത്ത് സുവിശേഷ പ്രഘോഷണത്തിനുവേണ്ടി യൂദായെ അയച്ചു. അപ്പോൾ അദ്ദേഹം സുവിശേഷം പ്രസംഗിക്കുകയും പിശാചുക്കളെ പുറത്താക്കുകയും ചെയ്തു |

***സന്ദേശം***

യൂദാസ്കറിയോത്തായിൽ നിന്ന് നമുക്ക് പലതും പഠിക്കാനുണ്ട്. അയാളെപ്പോലെയാകരുത് നമ്മുടെ വിശ്വാസം. ഈശോയെ എല്ലാവരും മിശിഹാ കർത്താവായി കാണുമ്പോൾ വെറും ഗുരുവായാണ് യൂദാസ് കാണുന്നത്. ആഴമുള്ള വിശ്വാസമില്ലാതിരുന്നതിലാണ് അദ്ദേഹം വിശുദ്ധനാകേണ്ടതിനു പകരം ഒറ്റുകാരനായി മാറിയത്. അയാളുടെ അന്ത്യം നമുക്കൊരു പാഠമാണ്. നമ്മുടെ ഉള്ളിലും യൂദാസുണ്ട്. ഈശോയെ ഒറ്റിക്കൊടുത്തു എന്നകാരണം പറഞ്ഞ് നാം യൂദാസ് സ്കറിയോത്തയെ കുറ്റപ്പെടുത്തുമ്പോഴും നാം ഓർക്കണം ഈശോ പറഞ്ഞ വാക്യം : "നിങ്ങളിൽ പാപം ചെയ്യാത്തവൻ ആദ്യം കല്ലെറിയട്ടെ". കുറ്റം ചെയ്യാനും കുറ്റം പറയാനുമല്ല നാം ശ്രമിക്കേണ്ടത്. നന്മ ചെയ്യാനും നന്ദിയോടെ നന്മയിൽ വളരാനുമാണ്. ഈശോയെ വെറും ഗുരുവായി കണ്ട് ഒറ്റിക്കൊടുക്കാതെ നാം അവിടുത്തെ കർത്താവായിക്കൊണ്ട് ആരാധിക്കണം. അപ്പോൾ നമുക്ക് ഒരിക്കലും നിരാശരാകേണ്ടി വരില്ല.

തയ്യാറാക്കിയത്
കുടുംബകൂട്ടായ്മ കേന്ദ്രസമിതി, കുന്നംകുളം



# നിറം കൊടുക്കാമോ

ചിൽഡ്രൻസ് കോർണർ

ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ : ........................................ ഫോൺ നമ്പർ :..................................

**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Annie Varghese, Class : VII, St. Thomas Kudumbakoottayma

പാചക കോർണർ

# പൈനാപ്പിൾ പുഡിംങ്ങ്

ബിന്ദു രാജു



**ചേരുവകൾ**

| | |
|---|---|
| പാൽ | 1 കപ്പ് |
| പൈനാപ്പിൾ | 1 ചെറുത് |
| കശുവണ്ടി | 60 ഗ്രാം |
| കിസ്മിസ് | 2 ടീ സ്പൂൺ |
| റവ | 3 ഡസർട്ട് സ്പൂൺ |
| മുട്ട | 3 എണ്ണം |
| പഞ്ചസാര | ആവശ്യത്തിന് |
| ക്രീം | 1 ചെറിയ ടിൻ |

**പാചകവിധി :-**

പാൽ, റവ, പഞ്ചസാര ഇവ കേടുകൂടാതെ ഇളക്കി തിളപ്പിച്ച് വാങ്ങിവെക്കുക. കുറച്ച് ചൂടാകുമ്പോൾ മുട്ടയുടെ ഉണ്ണി അടിച്ചത് ഇളക്കി ചേർക്കുക. ഇത് തണുപ്പിക്കുക. പൈനാപ്പിൾ ചെറിയ കഷ ണങ്ങളാക്കി പഞ്ചസാര ചേർത്ത് വേവിക്കുക. വെള്ളം വറ്റിച്ച് ചൂടോടെ നട്ട്സും കിസ്മസും ചേർത്ത് അടച്ച് വെക്കുക. ജലാറ്റിൻ വെള്ളത്തിൽ അലിയിക്കുക. മുട്ടയുടെ വെള്ള കട്ടിയായി പതച്ച് ഇതിൽ ക്രീം ജലാറ്റിനും ചേർത്ത് അടിക്കുക. ഇതും കസർജും ഫ്രൂട്ട്സും എല്ലാ ക്രീമും യോജിപ്പിച്ചു തണുക്കാൻ വെയ്ക്കുക. പകുതി സെറ്റ് ആകുമ്പോൾ ഒന്നുകൂടി അടിച്ചു വെച്ചാൽ നന്നായിരി ക്കും. മുകളിൽ നട്ട്സും കാരമൽ ചെയ്തു അലങ്കരിക്കുക.

## ഞങ്ങൾ ഒന്നായ്




- ഈ ഇടവക മേരിമാതാ കുടുംബകൂട്ടായ്മ
  ചൊവ്വല്ലൂർ ജോസഫ് + വത്സ മകൾ **കാതറിൻ ജോസഫ്**
  ഒല്ലൂർ ഇടവക അക്കര പീറ്റർ + ജെസി മകൻ **വിവേക്**
- ഈ ഇടവക
  ചെറുവത്തൂർ തോമസ് + റീന മകൾ **ടിൻസി തോമസ്**
  തിരുത്തിപ്പറമ്പ് ഇടവക വാഴപ്പിള്ളി കുരിയൻ + മേരി മകൻ **മാർട്ടിൻ കുരിയൻ**

ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം


**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : ........................................................................................ ക്ലാസ്സ് : ......................

കുടുംബകൂട്ടായ്മ: ................................................ ഫോൺ നമ്പർ :.................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Nadal Lolac**

Std : V, St. Joseph Kudumbakoottayma

*"കൊക്കരക്കോ, ചെക്ക് മൈക്ക് ടെസ്റ്റിംഗ്"*

# വചന കലണ്ടർ

## 2025 ഫെബ്രുവരി FEBRUARY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| 02<br>പുറ 34:27–35 (34:1–7, 27–35)<br>ഏശ 58:1–10(58:1–12,14)<br>എഫേ 4:17–24<br>(4:17–5:4, 15–21)<br>മത്താ 4:1–11 (3:16–4:11) | | | | | | 01<br>1 യോഹ 5:13–21<br>യോഹ 8:39–47 |
| 02<br>നിയ 18:13–18<br>ഏശ 48:12–20<br>റോമ 9:30–10:4<br>ലൂക്കാ 2:22–38 | 03<br>ഗലാ 3:2 1–25<br>യോഹ 5:41–47 | 04<br>1 യോഹ 3:18–24<br>മർക്കോ 3:7–12 | 05<br>കൊളോ 2:6–10<br>മത്താ 12:15b–21 | 06<br>എഫേ 6:10–17<br>മർക്കോ 9:33–37 | 07<br>തിമോ 2:8–13<br>(2:8–19, 3:1–8,14–18)<br>മത്താ 5:1–12<br>(4:23–5:19) | 08<br>1 കോറി 3:10–17<br>ലൂക്കാ 11:14–23 |
| 09<br>നിയ 24:14–22(24:9–22)<br>ഏശ 63:7–16<br>ഹെബ്രാ 8:1–6(8:1–9:10)<br>യോഹ 3:22–31 (3:22–4:3) | 10<br>1 തിമോ 2:1–7<br>(2:1–3:10)<br>മത്താ 18:23–35) | 11<br>റോമ 12:1–8(12:1–21)<br>ലൂക്കാ 18:9–14(18:2–14)<br>വെളി 12:1–6<br>യോഹ 2:1–11 | 12<br>റോമ 9:19–29<br>(9:14–10:17)<br>മത്താ 6:1–4 (6:1–18) | 13<br>കൊളോ 1:21–23<br>ലൂക്കാ 13:10–17 | 14<br>ഹെബ്രാ 13:7–9, 17–19<br>(13:1–9, 16:21)<br>മത്താ 16:24–28<br>(16:24–17:9) | 15<br>1 കോറി 15:50–57<br>മത്താ 23:1–12 |
| 16<br>നിയ 14:22–15:4 (14:2–15:4)<br>ഏശ 42:5–9 (42:5–9, 14–17)<br>1 തിമോ 6:17–21 (6:9–21)<br>മത്താ 8:5–13 (7:28–8:13) | 17<br>2 പത്രോ 3:8–13<br>മർക്കോ 13:32–37 | 18<br>1 യോഹ 2:12–17<br>ലൂക്കാ 14:25–35 | 19<br>1 തെസ 2:17–20<br>മർക്കോ 10:35–45 | 20<br>2 പത്രോ 1:10–15<br>ലൂക്കാ 5:33–39 | 21<br>2 കോറി 10:3–8<br>(10:3–18)<br>മത്താ 25:14–23<br>(24:45–47, 25:14–23) | 22<br>2 തെസ 2:5–12<br>മത്താ 11:20–24 |
| 23<br>പുറ:15–22–26<br>ഏശ 44:23–28<br>(44:23–45:3)<br>എഫേ 1:15–23 (1:15–2:7)<br>മർക്കോ 1:7–11(1:1–11) | 24<br>2 തെസ 3:1–5<br>മത്താ 9:18–26 | 25<br>1 കോറി 15:20–28<br>മത്താ 24:37–44 | 26<br>2 തിമോ 4:1–6<br>യോഹ 4:27–38 | 27<br>2 പത്രോ 3:14–18<br>ലൂക്കാ 6:37–42 | 28<br>1 കോറി 15:39–49<br>(15:34–57)<br>മത്താ 25:31–40<br>(25:31–46) | 01<br>1 വെളി 3:14–22<br>മത്താ 15:29–31 |


2nd
Happy Birthday
08-02-2025
Haziel Naveen
S/o. Naveen Raju
& Gilda Naveen
Pallippurath House
Chiralayam - Kunnamkulam
Sharing Happiness :
Appappan
Ammamma
Valyammama

30 YEARS

Years of Trust

www.mikhaelgroup.in

# OPENING SHORTLY @ MATTOM

MIKE CHITS

MIKHAEL GOLD LOAN

MIKHAEL Diagnostics Center ലബോറട്ടറി

MIKHAEL ഇ-സേവകേന്ദ്രം

my MIKHAEL





Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM